സമീപനം സ്വീകരിക്കുകയെ തൽക്കാലം മാർഗ്ഗം ഉള്ളൂ. അല്ലെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നമ്മൾ ഓരോ കാര്യങ്ങൾ പറഞ്ഞു പാർലമെന്റിൽ ശബ്ദ വോട്ടോടുകൂടി അക്സപ്റ്റ് ചെയ്ത ഒരു ബില്ലാണ്. ഈ ബില്ലിന്റെ ഉദ്ദേശം കോമ്പീറ്റൻസി വർദ്ധിപ്പിക്കുക, അങ്ങനെയുള്ള കാര്യമാണ്. അതുകൊണ്ട് അതു മാത്രമാണ് ഇതിന്റെ പ്രധാനപ്പെട്ട ഒരു കാര്യം. ഗവൺമെന്റ് ഇത് പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള എല്ലാ നടപടികളും ഇപ്പോൾ തന്നെ എടുത്തു തുടങ്ങികഴിഞ്ഞു. തൊഴിലാളികളുടെ നിലവിലുള്ള എല്ലാ അവകാശങ്ങളും സംരക്ഷിക്കുകയും ചെയ്യും.

മി. സ്പീക്കർ: ഇതിന്റെ പ്രാധാന്യം വച്ച് ഇത്രയും സമയം കൊടുത്തതാണ്. സബ്മിഷനാണ്, എല്ലാം ഒറ്റ വാക്കിൽ പറയണം. ശ്രീ. എൻ. ശക്തൻ.

(2) കൈത്തറി മേഖലയിലെ പ്രതിസന്ധികൾ

ശ്രീ. എൻ. ശക്തൻ: കേരളത്തിലെ കൈത്തറി തൊഴിലാളികളുടെ പ്രശ്നമാണ് ഞാൻ അവതരിപ്പിക്കുന്നത്. കൈത്തറിയുടെ തറവാട് ബാലരാമപുരമാണ്. രണ്ടു ലക്ഷത്തോളം തൊഴിലാളികളും, പത്ത് ലക്ഷത്തോളം അവരുടെ കുടുംബാംഗങ്ങളും കഴിഞ്ഞ കുറെ വർഷങ്ങളായി പട്ടിണിയിലാണ്. 1993 മുതലുള്ള റിബേറ്റ് വെട്ടിക്കുറച്ചതാണ് ഇതിനുള്ള പ്രധാനപ്പെട്ട കാരണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് റിബേറ്റ് വെട്ടിക്കുറച്ചത്. വ്യാജസംഘങ്ങൾ ഈ മേഖലയിൽ ഉള്ളതുകൊണ്ടാണ് റിബേറ്റ് വെട്ടിക്കുറച്ചത്. 1993 മുതൽ വെട്ടിക്കുറച്ച റിബേറ്റ് പുനഃസ്ഥാപിക്കണം. വ്യാജസംഘങ്ങളെ കണ്ടുപിടിക്കണം. എലിയെപ്പേടിച്ച് ഇല്ലം ചുടുന്നതുപോലെയോ, വെട്ടി മാറ്റുന്നതു പോലെയോ കൈത്തറിമേഖലയിൽ ഇന്ന് ബാധിച്ചിരിക്കുന്ന പ്രതിസന്ധിയിൽ നിന്നും അതിനെ രക്ഷിക്കണം. കേന്ദ്ര ഗവൺമെന്റ് നൂലുകൾക്ക് സബ്സിഡി കൊടുക്കുന്നുണ്ട്. പക്ഷെ, കേരളത്തിലെ തൊഴിലാളികൾക്ക് അത് കിട്ടുന്നില്ല. കാരണം ടെക്സ്റ്റൈൽ കോർപ്പറേഷനിൽ നിന്നോ മില്ലുകളിൽ നിന്നോ വാങ്ങിയാലേ ഈ ആനുകൂല്യം കിട്ടൂ. ബാലരാമപുരത്തുനിന്നും ഒരു തൊഴിലാളി കണ്ണൂർ പോയി വാങ്ങിയാലേ കിട്ടൂ, അംഗീകൃത ഡിപ്പോകളിൽ നിന്ന് വാങ്ങിയാലേ കിട്ടൂ, കൈത്തറി ഉപദേശക സമിതി പുനഃസംഘടിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രി ചെയർമാനായ ബോർഡാണ്. അത് പുനഃസംഘടിപ്പിച്ചാൽ ഈ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരമുണ്ടാക്കുന്നതിനും കഴിയും.

10 A.M.]

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മൂന്ന് പ്രശ്നങ്ങളും ഗവൺമെന്റ് പരിശോധിക്കാം. സബ്സിഡിയെ സംബന്ധിച്ച വിവരങ്ങൾ മുഴുവൻ സഭയിൽ പറഞ്ഞതാണ്. ഇപ്പോൾ ലഭ്യമായ സബ്സിഡി കുടിശ്ശിക കൂടാതെ കൊടുക്കാനുള്ള നടപടി സ്വീകരിക്കാം. അതുപോലെ നൂൽ ലഭ്യതയിലും മറ്റ് കാര്യങ്ങളിലും നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly